# തബ്‌ലീഗ് ജമാഅത്തിൻെറ നിലപാട്

**മായിൻകുട്ടി സുല്ലമി**

ശൈഖ് മുഹമ്മദ് ഇൽയാസാണ് തബ്‌ലീഗ് ജമാഅത്തിൻെറ സ്‌ഥാപകൻ. ഡൽഹിക്കടുത്ത് നിസാമുദ്ദീനാണ് അവരുടെ കേന്ദ്രം. തങ്ങളുടെ പ്രവർത്തനം ലോകവ്യാപകമാണെന്ന് തബ്‌ലീഗുകാർ അവകാശപ്പെടുന്നു. 'ഹദ്‌റത്ത് മൗലാനാ ശാഹ് മുഹമ്മദ് ഇൽയാസ് (റ) അവർകളാൽ മേവാത്തിൽനിന്ന് തുടക്കം കുറിച്ച് ഈ പരിശ്രമം മുസ്‌ലിം ഭാരതത്തിൻെറ സീമകൾ വിട്ടുകടന്ന് മക്ക, മദീന എന്നിവിടങ്ങളിലെത്തി. അറബിലോകത്താകമാനം ഈമാനിൻെറ പ്രഭ പരത്തിക്കൊണ്ടിരിക്കുന്നു' (മൗലാനാ മുഹമ്മദ് ഇൽയാസ്, ജീവിതവും ദൗത്യവും, വിവർത്തകൻെറ വരികൾ, പേജ് 41) ആ പുസ്‌തകത്തിൻെറ അവതാരികയിൽ മൂസ മൗലാനാ അവതാരിക എഴുതുന്നു: 'മഹാൻമാരായ ഉലമാ മഹത്തുക്കളുടെ നീണ്ട നിരയിലെ വെള്ളിനക്ഷത്രമാണ് ഹദ്‌റത്ത് മൗലാനാ ശാഹ് മുഹമ്മദ് ഇൽയാസ്(റ) അവർകൾ. മൗലാനാ മുഖാന്തരം അള്ളാഹുതആല മുസ്‌ലിം ഉമ്മത്തിന് നൽകിയ ഉയർന്ന സൗഭാഗ്യമാണ് 'ഖർനെ അവ്വൽകാഹിറ' (ആദ്യ നൂറ്റാണ്ടിലെ രത്‌നം) എന്ന് വിശേഷിപ്പിക്കപ്പെട്ട തബ്‌ലീഗ് എന്ന പേരിൽ അറിയപ്പെടുന്ന ദഅ്‌വത്തിൻെറ മുബാറക്കായ അമൽ.' (അ.പു. പേ. 39)

ഇവർ പരത്തിയ പ്രഭയും മുസ്‌ലിം ഉമ്മത്തിന് ഇവരാൽ ലഭിച്ച സൗഭാഗ്യവും എന്താണെന്ന് അറിയേണ്ടതുണ്ട്. യൂറോപ്പിലും നിരീശ്വര നിർമിത രാജ്യങ്ങളിലും ഇവർക്ക് സ്വീകാര്യത ലഭിച്ചുവെന്ന് അഭിമാനം കൊള്ളുന്നു. 'ഇവർക്കും കാത്യാനികൾക്കും ഇസ്‌റായീൽ രാഷ്‌ട്രത്തിലും പ്രവർത്തന സ്വാതന്ത്ര്യം ഉണ്ടത്രെ'. (ജമാഅത്തുതബ്‌ലീഗ് പേ. 76) ആരെയും വെറുപ്പിക്കരുത് എന്നാണവരുടെ നയം. ശിർക്കും ബിദ്‌അത്തും പറഞ്ഞ് അവർ പ്രശ്‌നം ഉണ്ടാക്കില്ല. നന്‌മ മാത്രം പറയുക. തിൻമക്കെതിരിൽ പ്രത്യേകം പറയേണ്ടതില്ല. നന്‌മ വളരുമ്പോൾ, തിന്‌മ അപ്രത്യക്ഷമാവും എന്നാണവരുടെ വാദം. 'ചോറ് കിട്ടിയ കുട്ടി ഇറച്ചിക്ക് വേണ്ടി കരഞ്ഞു. അപ്പോൾ അതിൻെറ ഉമ്മ പറയുന്നു. ചോറ് തിന്നുക. ഇറച്ചി ഉണ്ടായിക്കൊള്ളും' ഇതാണ് തബ്‌ലീഗുകാരുടെ നയം. ചേരയെ തിന്നുന്ന നാട്ടിൽ ചെന്നാൽ ചേരയുടെ നടുക്കഷ്‌ണം തിന്നണം!! ഈയുള്ളവനോട് ഒരു തബ്‌ലീഗുകാരൻ പറഞ്ഞു. ഞങ്ങൾ സലഫികളുടെ പള്ളിയിൽ അമലുകളുടെ മഹത്വം വായിക്കാറില്ല. രിയാളു സ്വാലിഹീനോ, നവവിയുടെ ഹദീഥ് കൃതിയോ ആണ് വായിക്കാറുള്ളത്. അമലുകളുടെ മഹത്വങ്ങളിൽ കുറച്ചൊാക്കെ കുഴപ്പമുണ്ടെന്ന് അവർ സലഫികളോട് സമ്മതിക്കുകയും ചെയ്യും. സമസ്‌തക്കാരോട് മൗലൂദും റാത്തീബും ഖുത്തുബിയ്യത്തും സശിരകമ്പം സമ്മതിക്കുകയും ചെയ്യും. എല്ലാവരോടും പ്രീണനം.

മുഹമ്മദ് ഇൽയാസ് തബ്ലീഗുകാരുടെ നയം പ്രഖ്യാപിക്കുന്നു. ‘ഈ തിൻമകളെ – തിൻമകൾ നിറഞ്ഞ ഈ സാഹചര്യത്തിൽ നേരിട്ട് എതിർക്കപ്പെടരുത്. മറിച്ച്, അവരിൽ ഈമാനിയായ ചിന്തയും ദീനീ ബോധവും ഉണ്ടാക്കിയെടുക്കണം. നന്മകൾ അവരിൽ വർധനവോടെ നടപ്പിൽ വരുത്തുകയും ചെയ്യണം – എങ്കിൽ തിൻമകൾ ആരും അതിനെ എതിർക്കാതെ തന്നെ സ്വയം കെട്ടടങ്ങിക്കൊള്ളും. നന്മകൾ വർധിക്കുന്നതിനനുസരിച്ച് തിൻമകൾ ഇല്ലാതായിത്തീരുകയും ചെയ്യും’ (മൗലാനാ ഇൽയാസ് ജീവിതവും ദൗത്യവും. പേ. 259)

മുഹമ്മദ് ഇൽയാസ് തുടരുന്നു. ‘ദീനിന്റെ അടിസ്ഥാനപരമായ വിഷയങ്ങളിലേക്കും, അഭിപ്രായ വ്യത്യാസമില്ലാത്ത കാര്യങ്ങളിലേക്കുമുള്ള ദഅ്വത്ത് ഈ കാലഘട്ടത്തിലെ എല്ലാ ഫിത്നകളുടെയും പരിഹാരമായും ആത്മീയ രോഗശമനത്തിന്റെ ചികിൽസയായും മൗലാന മനസിലാക്കിയിരുന്നു.’ (അ.പു. പേ. 260) ശിർക്ക്പരമായ വിശ്വാസങ്ങളും ഗുരുതരമായ ബിദ്അത്തുകളും ഇല്ലായ്മ ചെയ്യാൻ പരിപാടിയില്ലാത്ത തബ്ലീഗ് പ്രവർത്തനം വ്യാപിക്കുന്നതിൽ അത്ഭുതമില്ല. ആയിരം ലിറ്റർ അരിയിലേക്ക് ഒരു തുള്ളി വിഷം മതി, കഴിക്കുന്നവർ നശിക്കും. സകല നന്മകളുടെയും സംഹാരിയാണ് ശിർക്ക്. അതിനെതിരിൽ ഒന്നും പറയേണ്ടന്നോ? തബ്ലീഗുകാരുടെ നല്ലപിള്ള ചമയലിന് വിശുദ്ധ ഖുർആനിലും തിരുചര്യകളിലും തെളിവ് ഇല്ല, മറിച്ച് എമ്പാടും തെളിവുകൾ ഉണ്ട്.

മുഹമ്മദ് ജമീൽ സൈനു എന്ന പണ്ഡിതൻ അദ്ദേഹത്തിന്റെ ഒരു അനുഭവം പറയുന്നു. ‘സൈനു തബ്ലീഗ് ജമാഅത്തിന്റെ കൂടെപ്പോയി. ഗശ്ത് കഴിഞ്ഞു. ആളുകൾ പള്ളിയിലെത്തി. രിയാളുസ്സാലിഹീൻ വിയിക്കുവാൻ അമീർ അദ്ദേഹത്തെ ഏൽപിച്ചു. ഉള്ളി തിന്ന് പള്ളിയിൽ വരുന്ന വിഷയത്തെക്കുറിച്ചുള്ള ഹദീഥാണ്. ‘ജാബിറിൽ നിന്ന് നിവേദനം. വെള്ളുള്ളിയോ ചുവന്നുള്ളിയോ ഭക്ഷിക്കുന്നവൻ നമ്മളിൽനിന്നും നമ്മുടെ പള്ളിയിൽനിന്നും വിട്ടുമാറിക്കൊള്ളട്ടെ’ ബുഖാരി മുസ്ലിം. സൈനു, ഈ ഹദീഥ് വിശദീകരിച്ചുകൊടുത്തു. ഉള്ളിയുടെ ദുർഗന്ധം മറ്റുള്ളവർക്ക് ശല്യമുണ്ടാക്കുന്ന കാര്യവും മറ്റും. കൂട്ടത്തിൽ പുകവലിയെക്കുറിച്ചും പറഞ്ഞു. അതിന്റെ ദുർഗന്ധം, ഉപദ്രവം, സാമ്പത്തിക ദുർവിനിയോഗം തുടങ്ങിയവ പറഞ്ഞപ്പോൾ ജമാഅത്ത് അമീറിന്റെ മുഖത്ത് അനിഷ്ടം പ്രകടമായി. കാരണം ആ തിന്മ സമൂഹത്തിൽ വ്യാപകമാണ്. ഹദീഥ് വായിക്കുമ്പോൾ, ദുർബ്ബലമായത് വരുമ്പോൾ അതും ഞാൻ വ്യക്തമാക്കും എന്ന് സൈനു പറയുകയാണ്. തൗഹീദിനെ സംബന്ധിച്ചും വിശദമാക്കും. കൂട്ടത്തിൽ മറ്റു അധർമങ്ങളെയും ചൂണ്ടിക്കാണിക്കും. ശീട്ടുകളിസംഘത്തിലെ ആളുകളെ കണ്ടപ്പോൾ അവരെ ഉപദേശിച്ചു. കളിക്കാർ ശീട്ട് കീറിയിടുകയും ചെയ്തു. ചിലർ എന്നെ ഏൽപിച്ചു. ഞാനും അത് കീറിയിട്ടു. ഇത് അറിഞ്ഞപ്പോൾ അമീർ എന്നെ വിളിപ്പിച്ചു. ഇത് ചെയ്തത് ശരിയായില്ല എന്ന രൂപത്തിൽ എന്നോട് പ്രതിഷേധിച്ചു. സൈനു തന്റെ അനവധി അനുഭവങ്ങൾ വിവരിക്കുന്നുണ്ട്. ഇവർ നന്മ കൽപിക്കുന്നു. തിന്മ വിരോധിക്കുന്നില്ല’ എന്ന് അദ്ദേഹത്തിന് ബോധ്യമായി. (കൈഫ ഇഹ്തദയ്ത്തു പേ. 50-57)

തിന്മകളെ എതിർക്കാതിരിക്കാൻ അവർ ഒരു ന്യായം പറയും. ‘ഇക്റാമുൽ മുസ്ലിം’ മുസ്ലിംകളെ ആദരിക്കുക എന്നാണത്. യഥാർത്ഥത്തിൽ ഇതൊരു തന്ത്രമാണ്. സത്യം പറഞ്ഞാൽ വിരോധമാകും. ആളുകളെ വശത്താക്കാൻ കഴിഞ്ഞില്ലെന്നു വരും. ഉള്ളത് പറയുന്നവന് കഞ്ഞി ഇല്ല എന്നാണല്ലോ ചൊല്ല്. അതുകൊണ്ട് ഉള്ളതു പറഞ്ഞു പിണങ്ങുന്നതിനേക്കാൾ ഇല്ലാത്തതു പറഞ്ഞ് ഇണങ്ങുന്നതാണ് ഭേദം. സൂത്രശാലികൾ. ‘നന്മ കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്ന ഒരു സംഘം നിങ്ങളിൽ നിന്നുണ്ടാവണം’ എന്നാണ് അല്ലാഹുവിൻെറ കൽപന.

നബി(സ) പറയുന്നു: ‘നിങ്ങളാരെങ്കിലും ഒരു ദുഷിച്ച കാര്യം കണ്ടാൽ അത് കൈകൊണ്ട് മാറ്റണം. സാധ്യമല്ലെങ്കിൽ നാവ് കൊണ്ട്. അതിനും സാധ്യമല്ലെങ്കിൽ മനസുകൊണ്ട് (വെറുക്കണം). ഏറ്റവും ബലഹീനമായ വിശ്വാസമാണത്’ (മുസ്ലിം) സമൂഹത്തിൽനിന്ന് ആവുംവിധം തിന്മ തുടച്ചുനീക്കണം. നബി(സ) വ്യക്തമാക്കുന്നു. ‘അല്ലാഹു നിയോഗിച്ച ഒരു പ്രവാചകനും താൻ നിയുക്തനായ സമുദായത്തിൽ ചില സഹായികളും തൻെറ ചര്യ സ്വീകരിക്കുകയും കൽപന പിൻതുടരുകയും ചെയ്യുന്ന ചില സഖാക്കളും ഉണ്ടാകാതിരുന്നിട്ടില്ല. പിന്നീട് അവർക്ക് ചില മുൻഗാമികൾ വരും. പ്രവർത്തിക്കാത്തത് പറയുകയും കൽപിക്കാത്തത് പ്രവർത്തിക്കുകയും ചെയ്യുന്നവർ. അത്തരക്കാരോട് കൈകൊണ്ടോ നാവുകൊണ്ടോ മാനസികമായോ സമരം ചെയ്യുന്നവരൊക്കെ സത്യവിശ്വാസികളാണ്. അതിനപ്പുറം ഒരു കടുകുമണിയോളവും സത്യവിശ്വാസം അവശേഷിക്കുന്നില്ല’ (മുസ്ലിം). ആ വിഷയകമായി അനവധി ആയത്തുകളും ഹദീഥുകളും കാണാൻ കഴിയും. അവർക്ക് അത് അറിയാഞ്ഞിട്ടുമല്ല. ശൈഖ് ഇൽയാസിനോട് ഉറുക്കും ഏലസും ചോദിച്ച ആൾക്കുള്ള മറുപടി നോക്കൂ, ‘ഏലസും ഉറുക്കും എനിക്ക് അറിയുകയില്ല, എൻെറയടുക്കൽ എല്ലാ രോഗങ്ങളുടെയും പരിഹാരം തബ്ലീഗാണ്.’ (അ.പു.പേ. 254) ഈ വിഷയത്തിൽ നബി(സ) സ്വീകരിച്ച നിലപാട് സ്വീകരിക്കുവാൻ സാധിക്കാതെ പോയി. എന്തുകൊണ്ട്? ഏലസ് കെട്ടിയവനുമായി ഹസ്തദാനം ചെയ്യാൻപോലും നബി(സ) തയ്യാറായില്ല. ‘ഇബ്നു ആമിർ(റ) നിവേദനം, തിരുമേനിയുടെ അടുക്കൽ ഒരു സംഘം വരികയുണ്ടായി. അവരിൽ ഒരാളെ ഒഴിവാക്കി ബാക്കിയുള്ളവരുമായി അവിടുന്ന് ബൈഅത്ത് ചെയ്തു. അപ്പോൾ അനുചരൻമാർ പറഞ്ഞു. അല്ലാഹുവിൻെറ ദൂതരെ, താകൾ എന്തുകൊണ്ടാണ് ഇയാളെ മാത്രം ഒഴിവാക്കിയത്? നബി(സ) പറഞ്ഞു, ഇയാളുടെ ശരീരത്തിൽ ഏലസ് ഉള്ളതിനാലാണത്. അങ്ങിനെ അത് മുറിച്ച് ഒഴിവാക്കി നബി(സ) പറഞ്ഞു. ആരെങ്കിലും ഏലസ് കെട്ടിയാൽ അവൻ ശിർക്ക് ചെയ്തു.’ (ഹാകിം) ഈ വിഷയകമായി ധാരാളം ഹദീഥുകൾ കാണാം. അതൊന്നും പറയാതെ ഒഴിഞ്ഞുമാറി. സർവരോഗ സംഹാരിയായി തബ്ലീഗാണത്രെ ഉള്ളത്.

ഇതിൻെറയൊക്കെ കാരണവും ആ പുസ്തകത്തിൽ കാണാം. ‘വർഷങ്ങൾ കൊണ്ടുണ്ടാകേണ്ട ഫിത്നകൾ ആഴ്ചകളും ദിവസങ്ങളും കൊണ്ടുണ്ടായിത്തീരുന്നതാണ്.’ അ.പു.പേ. 248. എന്നിട്ടും പറയുന്നു, ‘ഉമ്മത്തിൻെറ ഈ അവസ്ഥയിൽ നബി(സ) തങ്ങളുടെ മുബാറക്കായ ‘റൂഹ്’ അനുഭവിക്കുന്ന വേദന നേരിട്ട് അനുഭവപ്പെടുന്ന ഹൃദയമായിരുന്നു മൗലാനയുടേത്. അതിൻെറ പേരിൽ മാറാത്ത

അസ്വസ്ഥതയും മൗലാന അനുഭവിച്ചിരുന്നു.' അ.പു. പേ. 255. ഇവരുടെ നടപടിക്രമം മേൽപുസ്തകത്തിൽ പറയുന്നു, 'സുബ്ഹി നമസ്കാരത്തിനുശേഷം ജമാഅത്തിൻെറ തഅ്ലിം തർബിയത്തി (പഠനം പരിശീലനം) ൻെറ പരിപാടികൾ ആരംഭിക്കും. ശേഷം ഫദാഇൽ–മസാഇലകളടെ തഅ്ലിം നടക്കും. ശേഷം സ്വഹാബത്തുൽ കിറാമിൻെറ ജീവിതവും അവരുടെ ത്യാഗത്തിൻെറ സംഭവവും വായിച്ചുകേൾക്കും. ശേഷം പ്രവർത്തനത്തിൻെറ നിയമരീതി പഠിക്കുന്നതാണ്. പിന്നീട് ഉസൂലുകൾ (ആഹാരം, ഉറക്കം, യാത്രയുടെ സുന്നത്തായ രീതികൾ) പഠിക്കുന്നതിലും കാര്യങ്ങൾ പറഞ്ഞ് പരിശീലിക്കുന്നതിലും വ്യാപൃതരാവും. തുടർന്ന് ഭക്ഷണവും വിശ്രമവും. അസറിനുശേഷം നിശ്ചിത സ്ഥലങ്ങളിലെത്തി ദീനീ പ്രവർത്തനം തുടരും' അ.പു.പേ. 128. മേൽ ഉദ്ധരണിയിൽ നിന്ന് തബ്ലീഗുകാരുടെ നടപടിക്രമത്തെക്കുറിച്ചുള്ള രൂപവും ഭാവവും മനസിലാവും. 'അമല്' ചയ്യുന്നതിന് ആഗ്രഹിപ്പിക്കുന്ന നിലയിൽ തബ്ലീഗിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന രീതിയിൽ പള്ളികളിലും വീടുകളിലും വച്ച് തഅലീം നടത്താൻ സക്കരിയ്യ മൗലാനാ 'ഫദാഇൽ' കിതാബുകൾ എഴുതിയിട്ടുണ്ട്. മുഹമ്മദ് ഇൽയാസ് നിർദ്ദേശിച്ചതു പ്രകാരമാണ് പ്രസ്തുത ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ളതെന്നും ശൈഖ് സക്കരിയ്യ പ്രസ്താവിക്കുന്നുണ്ട്.

ഒരു ഫദായിൽ ഗ്രന്ഥം എഴുതുവാൻ നിർദേശം കൊടുത്ത സന്ദർഭങ്ങളിലൊന്ന് ശൈഖ് സക്കരിയ്യ തന്നെ പറയുന്നു.

'ഒരു പ്രാവശ്യം അസർ നമസ്കാരത്തിനായി ഇകാമത്തു കൊടുത്തു കഴിഞ്ഞിരുന്നു. തക്ബീറത്തുൽ ഇഹ്റാം ചൊല്ലാറായപ്പോൾ സഫ്ഫിൽ നിന്ന് എൻെറ നേരെ തിരിഞ്ഞുകൊണ്ട്, ഇതാ അക്കാര്യം മറന്നുപോകരുത് എന്ന് ഈ സാധുവിനോട് കൽപിച്ചു.' (സദ്കഃയുടെ മഹത്വങ്ങൾ. പേ. 9)

എന്തിനാണ് ഈ 'ഫദാഇൽകിതാബുകൾ'? സൂഫികൾ ഉണ്ടാക്കിയ സകല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അതിലുണ്ട്. വിവരമുള്ള തബ്ലീഗുകാരനു പോലും അക്കാര്യം നിഷേധിക്കാൻ കഴിയില്ല. ചിലർ സ്വകാര്യമായി അത് സമ്മതിക്കാറുണ്ട്. ഭീകരമായ കഥകളും ദുർബ്ബലമായ ഹദീഥുകളും കൽപിത വചനങ്ങളും നിറഞ്ഞുനിൽക്കുന്ന 'ഫദാഇൽ ഗ്രന്ഥങ്ങൾ' പട്ടിൽ പൊതിഞ്ഞ പാഷാണമാണെന്ന് പറയാതിരിക്കാൻ വയ്യ!!!